മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*

(ഇ) താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾ

1707 [2562] ശ്രീ. സി. കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളും ജീവനക്കാരും എത്ര എണ്ണം എന്നു വെളിപ്പെടുത്താമോ;

(ബി) ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടന്നിട്ടുള്ള നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ സംവരണ തത്വം നടപ്പാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്;

(ഡി) ഇനയും നടപ്പാക്കാത്ത സ്ഥാപനങ്ങൾ ഏതൊക്കെ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1,37,840 (മാർച്ച് 1985).

(ബി) ഉണ്ട്.

(സി) പട്ടിക അനുബന്ധമായി വച്ചിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

ശ്രീനാരായണ ജയന്തി

1708 [2564] †ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ശ്രീ നാരായണ ജയന്തിക്ക് കേരളത്തിലെ കേന്ദ്ര ഓഫീസുകൾക്ക് അവധി നൽകാൻ സാധിക്കുകയില്ലെന്നുള്ള കേന്ദ്ര ഗവൺമെന്റിന്റെ പ്രസ്താവന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

*അനുബന്ധം I.

†അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഉണ്ട്.

പ്ലാനിംഗ് ബോർഡിലെ ജീവനക്കാർ

1709 [2566] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പ്ലാനിംഗ് ബോർഡിൽ ക്ലാസ്-1, ക്ലാസ്-2, ക്ലാസ്-3, ക്ലാസ്-4 എന്നീ ഓരോ വിഭാഗങ്ങളിലായി മൊത്തം എത്ര ജീവനക്കാർ ഉണ്ടെന്നും, അവരിൽ ഓരോ വിഭാഗത്തിലുമായി പട്ടിക ജാതിക്കാരും, പട്ടിക വർഗ്ഗക്കാരും, സ്ത്രീകളും എത്രവീതം ഉണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇനിയും ഏതെങ്കിലും ഒഴിവുകളിൽ നിയമനം നടത്താനുണ്ടോ; ഉണ്ടെങ്കിൽ എത്ര എന്നും, അവ എന്നത്തേക്കു നടത്തുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ)

	ആകെ	പട്ടികജാതി/പട്ടികവർഗ്ഗം	സ്ത്രീകൾ
ക്ലാസ്—1	10	ഇല്ല	ഇല്ല
ക്ലാസ്—2	81	12	27
ക്ലാസ്—3	153	16	51
ക്ലാസ്—4	37	8	4

(ബി) ഉണ്ട്. 5 ഒഴിവുകൾ. അവയിലേക്ക് നിയമനം നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

കുവൈറ്റ് പൗരൻമാരുടെ സന്ദർശനത്തെക്കുറിച്ചുള്ള അന്വേഷണം

1710 [2569] ശ്രീ. എ. വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുവൈറ്റ് പൗരൻമാരുടെ കേരള സന്ദർശനത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ;

(ബി) ഉണ്ടെങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) അന്വേഷണ റിപ്പോർട്ട് ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ചുമതലപ്പെടുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly